കേരള സർക്കാർ

# തുറവൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)2144/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 08.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉറവൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി4)2144/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 08.12.2016

## എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ **2015-16**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.12.2015 മുതൽ 31.03.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷേർളി പീറ്റർ, ഓഡിറ്റ് ഓഫീസർ |
| | ജോൺസൺ.ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബെന്നി സെബാസ്റ്റ്യൻ, ഓഡിറ്റർ |
| | കെ.വി.സന്തോഷ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അനിത കുട്ടപ്പൻ | 01.04.2015മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ09.11.2015വരെ |
| | കെ.വൈ.വർഗീസ് | 10.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ഇ.എം.ലീല | 01.04.2015മുതൽ20.04.2015വരെ |
| | ടി.എസ്.ബെനഡിക്റ്റ് | 21.04.2015 മുതൽ23.07.2015വരെ |
| | മാലതി.കെ.വി. | 24.07.2015 മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | പി.എ.മുഹമ്മദ് ഹാഷിം | 01.04.2015മുതൽ18.08.2015വരെ |
| | എൽ.ശാന്തി | 19.08.2015മുതൽ08.03.2015.വരെ |
| | എ.വി.ഷാജി | 09.03.2015മുതൽ31.03.2015വരെ |
| അസ്സി.എഞ്ചിനീയർ | രാധിക ഹരികുമാർ | 01.04.2015മുതൽ31.07.2015വരെ |
| | ലിസ്സി.സി.സി | 01.08.2015മുതൽ31.03.2015വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലിജ ദിവാകരൻ | 01.04.2015മുതൽ31.03.2015വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനഘൻ.സി | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മേഴ്സി ഗോൺസാൽവസ് | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | പി.രാജശ്രീ | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.സ്മിത | 01.04.2015മുതൽ31.03.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സുധ | 01.04.2015മുതൽ20.04.2015വരെ |
| | ജോയ്സി.കെ.ജെ | 21.04.2015മുതൽ31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | റീന.പി.ടി | 01.04.2015മുതൽ20.04.2015വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പി.ആർ.സജീവ് കുമാർ | 01.04.2015മുതൽ20.04.2015വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | ക്വാറം തികയാതെ ഗ്രാമസഭകൾ നടത്തി | 1-12 |
| 13 | പ്രവർത്തന രഹിതമായ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. | 1-13 |
| | ഭാഗം - 2 | |
| 14 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 15 | വസ്തു നികുതി പിരിവിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു | 2-2 |
| 16 | പരസ്യ നികുതി ഓഡിറ്റ് വർഷം ഈടാക്കിയില്ല. | 2-3 |
| 17 | ഡി&ഒ ലൈസൻസ്സ് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ | 2-4 |
| 18 | ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട അപാകതകൾ | 2-5 |
| 19 | പഞ്ചായത്തിലെ 8-ാം വാർഡിൽ അങ്കമാലി നഗരസഭയുടെ അനുമതിയോടെ 20 വില്ലകൾ നിർമ്മിച്ചു | 2-6 |
| | ഭാഗം - 3 | |
| 20 | CPWD സ്പെസിഫിക്കേഷനുപകരം IRC സ്പെസിഫിക്കേഷനിൽ പ്രവൃത്തി നടത്തിയതുമൂലം അധിക ചെലവ്- നഷ്ടം- ₹.1,19,405/- | 3-1 |
| 21 | റൂഫിങ്ങിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം ₹.20,828/- | 3-2 |
| 22 | 1:3 പ്ലാസ്റ്ററിങ്ങ്(12mm), ഫ്ളെഷിങ് കോട്ടിനും അധിക തുക അനുവദിച്ചതുമൂലം നഷ്ടം- ₹.29,009/- | 3-3 |
| 23 | ഹോമിയോ ഡിസ്പെൻസറി യിൽ മരുന്ന് ലഭ്യമാക്കിയില്ല, ₹.1,50,000/- തടസ്സപ്പെട്ടുത്തുന്നു. | 3-4 |
| 24 | മെഡിക്കൽ ഓഫീസർ (ആരോഗ്യം)നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-5 |
| 25 | അതുല്യം സാക്ഷരതാ പരിപാടി - പഠനയാത്രയുമായി ബന്ധപ്പെട്ട തുക തടസ്സപ്പെട്ടുത്തുന്നു. | 3-6 |
| | ഭാഗം – 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |

| | | |
|---|---|---|
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റേറ്റ്മെൻറ് | അനുബന്ധം.3 |
| 38 | റസീപ്റ്റ് & പെയ്മെന്റ് സ്റേറ്റ്മെൻറ്. | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16ലെ ബജറ്റ് 12.03.2015ലെ 1-(2)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 19.08.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് ഇവയുടെ അനുബന്ധമായ ഷെഡ്യൂളുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 2,36,90,200.00 |
| വരവ് | 3,47,75,546.00 |
| ആകെ | 5,84,65,746.52 |
| ചെലവ് | 4,68,100,85.00 |
| നീക്കിയിരിപ്പ് | 1,16,55,661.00 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27,26,510 | 71,85,244<br>5139708 (TC) | 15051462 | 89,70,176 | -- | 60,81,286 (lapsed) |
| വികസനഫണ്ട് എസ്.സി.പി. | 3069860 | 2502000 | 5571860 | 2753104 | 1853372<br>110000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | 9000 | 18000 | 0 | 9000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2560114 | 10070000 | 12630114 | 11088910 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 876859 | 1810000 | 2686859 | 1970641 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2478712 | 2936676 | 5415388 | 5220164 | 2786312 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2189000 | - | 2189000 | 2176649 | 381024 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 6913 | 9166788 | 9173701 | 9173135 | | 566 |
| ബി ഫണ്ട് | 0 | 21751445 | 0 | 21751445 | 0 | 0 |

അലോട്ട്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ട തുകയാണ് വരവായി എടുത്തിരിക്കുന്നത്. വിവിധ അക്കൗണ്ടുകളിൽ ബാക്കിയുണ്ടായിരുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതു മൂലമാണ് നീക്കി ബാക്കി ഇല്ലാത്തത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 51767858 | 121 | 35739470 | 10 | 21 | 79.60 |

അംഗീകാരം ലഭിച്ചവയിൽ 21 പദ്ധതികൾ നടപ്പാക്കാത്തത് പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തത്തിലേയും പോരായ്മയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.51ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. വസ്തു നികുതി പുനർ നിർണ്ണയം നടത്തിയതിനെതുടർന്ന് മുൻ വർഷങ്ങളിൽ അധികം പിരിച്ച നികുതി ഓഡിറ്റ് വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്തതുമൂലമാണ് ഈ രീതിയിൽ വരുമാനത്തിൽ കുറവുണ്ടായത്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6410159 | 4812124 | (-)1598035 | (-) 24.93 |
| നികുതിയേതര വരവുകൾ | 852838 | 2338824 | (+)1485986 | (+) 174.24 |
| മറ്റുവരവുകൾ | 81606 | 156027 | (+) 74421 | (+) 91.19 |
| ആകെ | 7344603 | 7306975 | (-) 37628 | (-) 0.51 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39,840 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 13,67,760 | 177 |

| | | |
|---|---|---|
| വിധവാപെൻഷൻ | 83,19,120 | 858 |
| വാർദ്ധക്യകാലപെൻഷൻ | 86,10,630 | 1389 |
| വികലാംഗപെൻഷൻ | 24,41,455 | 287 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5,82,640 | 64 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,90,000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2016, 3.30ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 26,799/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ നികുതി, ഫീസ് സംബന്ധമായ രജിസ്റ്ററുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ടാപ്പ്, സ്ട്രീറ്റ് ലൈറ്റ് എന്നിവയുടെ ചെലവുകൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.11.2016 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.14 | 2009-10 to 2013-14 | 22.10.20 |

## 1-12 ക്വാറം തികയാതെ ഗ്രാമസഭകൾ നടത്തി.

ഉറവൂർ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഗ്രാമസഭകൾ കൂടിയപ്പോൾ പലതിലും ക്വാറം തികയാതെയാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഗ്രാമസഭാ മിനിട്ട്സ് പുസ്തകങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2016-17 വർഷത്തെ ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നതിനുള്ള പ്രത്യേക ഗ്രാമ സഭകളാണ് ക്വാറം തികയാതെ പ്രധാനമായും കൂടിയിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3/8/2014-ലെ സർക്കുലർ നം.22675/L3/99 ഖണ്ഡിക ഏഴ് പ്രകാരം ഗ്രാമസഭ/വാർഡ് സഭയിലെ അംഗസംഖ്യയുടെ പത്തു ശതമാനം അംഗങ്ങൾ ഹാജരായാൽ മാത്രമേ ക്വാറം തികയുകയുള്ളൂ. ക്വാറം തികയാതെ കൂടിയ ഗ്രാമസഭകളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| വാർഡ്/പേര് | മെമ്പർ | ആകെ അംഗങ്ങൾ | ക്വാറം | പങ്കെടുത്തവരുടെ എണ്ണം | യോഗം നടന്നസ്ഥലം |
|---|---|---|---|---|---|
| 1/വാതക്കാട് | ജെസ്സിജോയി | 1267 | 126 | 64 | ആനപ്പാറ അങ്കണവാടി |
| 2/ആനപ്പാറ | ലിറ്റി പൗലോസ് | 1407 | 140 | 127 | ഫാത്തിമ പാരിഷ്ഹാൾ |
| 3/തലക്കോട്ടപറമ്പ് | അനിത കുട്ടപ്പൻ | 1183 | 118 | 100 | 54-ാം നമ്പർ അങ്കണവാടി |
| 4/യോർദ്ദനാപുരം | ലാജി ബേബി | 1181 | 118 | 35 | ഉതിപ്പ്കവല |

| | | | | | |
|---|---|---|---|---|---|
| 5/ശിവജിപുരം | സി.കെ.ബാബു | 1190 | 119 | 58 | ശിവജിപുരം കമ്മ്യൂണിറ്റിഹാൾ |
| 6/പെരിങ്ങാംപറമ്പ് | വി.വി.വിശ്വനാഥൻ | 1036 | 103 | 65 | പെരിങ്ങാംപറമ്പ് |
| 7/കിടങ്ങൂർ | ഷിജി പൗലോസ് | 1217 | 121 | 96 | ചരിത്ര ലൈബ്രറി |
| 8/കിടങ്ങൂർ സൗത്ത് | സി.ഒ.ജോസഫ് | 1192 | 119 | 100 | ഇൻഫാന്റ്ജീസസ് പാരീഷ്ഹാൾ |
| 11/പഴോപങ്ങ് | പുഷ്പ രാജേഷ് കുമാർ | 1228 | 122 | 85 | 64-ാം നമ്പർ അങ്കണവാടി |
| 12/കിടങ്ങൂർ ഈസ്റ്റ് | കെ.എസ്.സജീവ് | 1250 | 125 | 51 | കിടങ്ങൂർ പഞ്ചായത്ത് ലൈബ്രറി |
| 13/ഉറവൂർ വെസ്റ്റ് | കെ.പി.ജോസ് | 1100 | 110 | 63 | ചരിത്രലൈബ്രറി |
| 14/ഉറവൂർടൗൺ | എം.പി.മാർട്ടിൻ | 1177 | 117 | 56 | പഞ്ചായത്ത് സ്റ്റേഡിയം |

ഗ്രാമ സഭകളിൽ ക്വാറം ഉറപ്പ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **1-13** പ്രവർത്തനരഹിതമായ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

ഉറവൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ പേരിൽ നിലനിൽക്കുന്ന അക്കൗണ്ടാണ് SBI അങ്കമാലി ബ്രാഞ്ച് നം.30695733181. എം.എൻ.ലക്ഷം വീട് പദ്ധതിയുടെ നടത്തിപ്പിനായാണ് ഈ അക്കൗണ്ട് പ്രവർത്തിച്ചിരുന്നത്. ടി പദ്ധതി പിന്നീട് പ്രവർത്തനരഹിതമാവുകയും ഭവനനിർമ്മാണ ബോർഡിൽനിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാത്ത തുകയായ 956396/- രൂപ അക്കൗണ്ടിൽ അവശേഷിക്കുകയും പിന്നീട് തുക DD No. 587715 dtd 31.03.2015 പ്രകാരം ഭവനനിർമ്മാണ ബോർഡിലേയ്ക്ക് തിരികെ അടവാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ SCP പ്ലാൻ ഫണ്ട് ചെലവഴിക്കാത്ത 95,599/- രൂപ സർക്കാരിലേയ്ക്ക് തിരികെ അടവായിട്ടുണ്ട്. ഈ അക്കൗണ്ടിലേയ്ക്ക് 25.12.2015-ൽ പലിശ ഇനത്തിൽ 11,792/- രൂപ വരവ് വന്നിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിലേയ്ക്ക് അടവാക്കാൻ ഇനിയും തുകകളൊന്നും അവശേഷിക്കുന്നില്ലെന്ന് ഉറപ്പാക്കി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗവർമെന്റിലേയ്ക്ക് തിരികെ അടവാക്കേണ്ടതും അക്കൗണ്ട് അവസാനിപ്പിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** രസീത് പരിശോധനയിൽ കണ്ട അപാകതകൾ.

ഉറവൂർ ഗ്രാമ പഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം രശീതിപരിശോധനയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുവാൻ സാധിച്ചു

1. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഇല്ലാതെ രസീത് ബുക്കുകൾ നൽകുന്നു.

ഓഡിറ്റ് വർഷം വെറ്ററിനററി സർജന് അനുവദിച്ച രസീത് ബുക്കുകളാണ് 13996, 13997 എന്നിവ. ഇവയിൽ പഞ്ചായത്ത് സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ 13997 നമ്പർ രസീത് ബുക്കിൽ 38 മുതൽ 100 വരെ രസൂതുകള് ഉപയോഗിച്ചിട്ടില്ലെങ്കിലും അവ സെക്രട്ടറി റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സാംഖ്യ രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

ഓഡിറ്റ് വർഷം ഉപയോഗത്തിനെടുത്ത സാംഖ്യ രസീതുകൾ പ്രിന്റർ ഫോൾട്ട് മൂലം ബ്ലാങ്ക് ആയിട്ടുള്ളവ ഉപയോഗിച്ച രസീതുകളടെ കൗണ്ടർ ഫോയിലിനോടൊന്നിച്ച് ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഉദാഹരണം താഴെ കൊടുക്കുന്നു. B 5381183, B5381184, B5381579, B5381997, B5382000 etc

ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും, ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## **2-2** വസ്തു നികുതി പിരിവിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു

ഉറവൂർ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷത്തെ ഡിമാന്റ്-പിരിവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ഡിമാന്റ് | ₹.4111406 |
| ഓഡിറ്റ് വർഷത്തെ കളക്ഷൻ | ₹.2576407 |
| പിരിവിന്റെ ശതമാനം | 62.66% |

ഇപ്രകാരം പിരിവ് ശതമാനം കുറവായതിനാൽ വൻതുകയാണ് പഞ്ചായത്തിൽ കുടിശ്ശികയായി നില നിൽക്കുന്നത്. കുടിശ്ശികയായി നിലനിൽക്കുന്ന വസ്തു നികുതിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:-

| | |
|---|---|
| 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക | ₹.15,34,999 |
| 2014-15 സാമ്പത്തിക വർഷംവരെ കുടിശ്ശിക | ₹.18,01,897 |
| ഓഡിറ്റ് വർഷം ഉൾപ്പെടെ ആകെ കുടിശ്ശിക | ₹.33,36,896 |

ഇപ്രകാരം 33,36,896/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള പഞ്ചായത്തിൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തുടർ നടപടികൾ കൈക്കൊള്ളുന്നില്ല. നികുതി സംബന്ധിച്ച ഡിമാന്റ് മൂന്നു വർഷത്തിനു ശേഷം ലാപ്സാകുമെന്നതിനാൽ വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഓഡിറ്റ് വർഷം ഈടാക്കിയില്ല.

2015-16 സാമ്പത്തിക വർഷം തുറവൂർ ഗ്രാമപഞ്ചായത്തിൽ പരസ്യ നികുതിയിനത്തിൽ വരവ് ഉണ്ടായിട്ടില്ല. മുൻ വർഷങ്ങളിൽ നല്ല രീതിയിൽ വരവുണ്ടായിരുന്ന ഈയിനത്തിൽ നിന്നും യാതൊരു തുകയും വരവില്ലാത്തത് പഞ്ചായത്തിനുണ്ടായ വലിയ നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിൽ പരസ്യനികുതിയിനത്തിൽ നിന്നും ഉണ്ടായ വരവ് താഴെ കൊടുക്കുന്നു :-

| വർഷം | പരസ്യനികുതി ലേലം കൊണ്ട വ്യക്തി | ലേല തുക | തുക ലഭിച്ച തീയതി / രസീത് നം. |
|---|---|---|---|
| 2011-12 | M.V.അയ്യപ്പൻ, മങ്ങാട് | 30,000 | 9.3.2011 / 51/34625 |
| 2012-13 | ബിജോ.കെ.സി.കുനത്താൻ,തുറവൂർ | 31,000 | 15.3.2012 / 23/68697 |
| 2013-14 | വി.ബി.സിദിൽകുമാർ,വീപ്പാട്വീട് | 31,500 | 15.3.2013 / 11201102345 |
| 2014-15 | നജി ഭദ്രൻ | 46,500 | 14.3.2014 /11301103547 |
| 2015-16 | ഇല്ല | _ | _ |
| 2016-17 | വി.വി.ജോയി,വടക്കുംചേരി | 35,600 | 16.4.2016 /11601100229 |

വിവിധ വർഷങ്ങളിൽ നല്ലരീതിയിൽ വരവുണ്ടായിരുന്ന പരസ്യനികുതിയിനത്തിൽ ഓഡിറ്റ് വർഷം വരവുണ്ടാകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ.

തുറവൂർ ഗ്രാമപഞ്ചായത്തിൽ 2015/16 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :-

1. സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് നൽകിയതായി കണ്ടു.

2. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം വേണ്ടിടത്ത് അതില്ലാതെ ലൈസൻസ് അനുവദിച്ചതായി കണ്ടു.

3. കെട്ടിട നികുതിയിൽ കുടിശ്ശിക നിലനിൽക്കെ ടി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച നൽകി.

4. അപേക്ഷകളിൽ ഉള്ള കോർട്ടുഫീ സ്റ്റാമ്പ് ക്യാൻസൽ ചെയ്യാതെയും സൂക്ഷിക്കുന്നതായി കാണുവാൻ സാധിച്ചു.

അപാകതകളുടെ വിശദവിവരം താഴെ കൊടുക്കുന്നു:-

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | കെട്ടിടനം. | യന്ത്രം കതിര ശക്തി | ലൈസൻസ് നം /തുക/രസീത് /തീയതി | അപാകത |
|---|---|---|---|---|---|
| 60 | ശക്തി റോക്ക് പ്രോഡക്ട്സ്,മറ്റൂർ | 5/408 5/452 | 240 H.P | A2-1346 13710 dtd28/2/15 11401104796 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല കെട്ടിട നികുതി കുടിശ്ശിക 19838/- |
| 61 | ജെ.ജെ.ഫ്ളവർ റൈസ് &ഓയിൽമിൽ | 3/5 | 20H.P. | A2-1347/15 960/- 11401104796 dtd28/2/15 | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 63 | വാളൂക്കാരൻ ഹോളോ ബ്രിക്സ് | 5/338a 5/357a | 9.5H.P | A2-1348/15 8050/- 11401104802 dtd28/2/15 | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല കെട്ടിട നികുതികുടിശ്ശിക |
| 64 | മംഗലി ബിൽഡ് വെയർ | 5/617,618 | .5 H.P | A2-1317/15 1110/- 11401104803 dtd28/2/15 | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 68 | മംഗലി ബ്രിക്സ് | 14/604 | 28H.P | A2-856/15 6010/- 11401104808 dtd28/2/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു. സാനിട്ടറി സർട്ടിഫിക്കറ്റ് കാലാവധി 12/8/2015 -ൽ അവസാനിക്കുന്നു |
| 69 | റൈസ് ടെക് അഗ്രോമിൽസ്, മറ്റൂർ | 5/439 | 100HP | A2-1338/15 6750/- 11401104809 dtd28/2/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല |
| 70 | ആട്ടിയാട്ടിര മോഡേൺ റൈസ് മിൽ | 5/441,445 | 160HP | A2-1337/15 8510/- 11401104810 dtd28/2/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 72 | റൈസ് ടെക് അഗ്രോമിൽസ്, മറ്റൂർ | 5/442 | 340HP | A2-1335/15 15310/- 11401104812 dtd28/2/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു. |
| 76 | കെ.പി.ബി. ഇൻഡസ്ട്രീസ്, ആനപ്പാറ | 1/129,130 | 13HP | A2-1245/15 5510/- 11401104927 dtd 4/3/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു. |
| 108 | ജോസഫ് പോൾ (പോളി എത്തിലിൻ കവർ നിർമ്മാണം) കാഞ്ഞൂർ | 8/76 | 22HP | A2-1759/15 2010/- 11401104927 dtd19/3/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു. |
| 152 | സബിത ഫോട്ടോ ഫ്രെയിം വർക്ക് | 7/305b | 25HP | ലൈസൻസ് നമ്പർ ലഭ്യമല്ല. 2710/- 11401105849 dtd31/3/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു |
| 178 | വാളൂക്കാരൻ ഹോളോ ബ്രിക്സ് | 5/338a | 9.5HP | A5-2736/15 6510/- 11501100546 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു |
| 189 | അർച്ചന പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് തുറവൂർ | 4/533 | 10HP | ലൈസൻസ് നമ്പർ ലഭ്യമല്ല. 1230/- 11401100650 dtd24/6/15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലാവധി 30/6/15-ൽ അവസാനിക്കുന്നു |

ഇപ്രകാരം അപാകതകളോടെ ലൈസൻസ് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-5 ഷോപ്പിങ് കോംപ്ലക്സുമായി ബന്ധപ്പെട്ട അപാകതകൾ.

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഏറ്റവും തിരക്കുള്ള ഭാഗത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിന്റെ വാടക കാലാനുസൃതമായി പുതുക്കാനുള്ള യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊള്ളുന്നില്ല. പഞ്ചായത്തിന്റെ ആസ്തി എന്നു പറയാമെന്നല്ലാതെ യാതൊരു വരുമാനവും ഷോപ്പിങ് കോംപ്ലക്സിൽനിന്നും പഞ്ചായത്തിന് ലഭിക്കുന്നില്ല. 1996- മുതൽ ഷോപ്പിംങ് കോംപ്ലക്സുമായി ബന്ധപ്പെട്ട വായ്പ തിരിച്ചടവ് പഞ്ചായത്തിൽ നിന്നും നടത്തുന്നുണ്ടെങ്കിലും ഇനിയും അടവാക്കാനുള്ള തുകയെക്കുറിച്ച് പഞ്ചായത്തിന് യാതൊരു ധാരണയുമില്ല. വർഷാവർഷം അടയ്ക്കുന്ന തുകയ്ക്ക് KURDFC വാർഷിക തിരിച്ചടവ് സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് നൽകുന്നില്ല. 2015/16-ൽ ലോൺ തിരിച്ചടവ് സംബന്ധിച്ച് യാതൊരു വിധ കത്തിടപാടുകളും KURDFC യുമായി പഞ്ചായത്ത് നടത്തിയിട്ടില്ല.

നിലവിൽ വാടകക്കാർ വാടക വില്ലേജ് ഓഫീസിൽ അടവാക്കുന്നതിനാൽ പഞ്ചായത്തിന് വാടകക്കാരുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. ഏതാണ്ട് 20-വർഷത്തോളം തിരിച്ചടവ് നടത്തിയിട്ടും, പഞ്ചായത്തിന് ബാധ്യതയിൽ കുറവൊന്നും വന്നു കാണുന്നില്ല. കൃത്യമായ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് ലഭിക്കാത്തതിനാൽ അവശേഷിക്കുന്ന ബാധ്യതയെക്കുറിച്ച് പഞ്ചായത്തിന് യാതൊരു ധാരണയുമില്ല.ആയതിനാൽ ഷോപ്പിങ് കോംപ്ലക്സിന്റെ അവശേഷിക്കുന്ന ബാധ്യത എത്രയെന്ന് കണ്ടെത്താനും, കടമുറികളുടെ പുനർലേലം നടത്താനും, വാടക പുനർനിർണ്ണയിക്കാനും, ഷോപ്പിങ് കോംപ്ലക്സ് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനും പഞ്ചായത്ത് ഭരണസമിതി അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തിലെ 8-ാം വാർഡിൽ അങ്കമാലി നഗരസഭയുടെ അനുമതിയോടെ 20 വില്ലകൾ നിർമ്മിച്ചു.

പഞ്ചായത്തിന്റെ 8- ാം വാർഡിൽ വാണിജ്യാടിസ്ഥാനത്തിൽ പണിത 20 വില്ലകൾക്ക് അങ്കമാലി നഗരസഭയിൽ നിന്നും ബിൽഡിങ് നമ്പർ നൽകിയതായി 23/2/2016 ലെ 12ാംനമ്പർ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. ജോസഫ് പാറേക്കാട്ടിൽ 5/2/2016-ൽ പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ സബ്മിഷനെത്തുടർന്നാണ് ഈ വിഷയം ചർച്ചയ്ക്ക് വന്നത്. ഇതിനെക്കുറിച്ചന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഉദ്യോഗസ്ഥനെ നിയോഗിക്കാൻ കമ്മിറ്റി തീരുമാനിച്ചു. അന്വേഷണത്തിനായി ചുമതലപ്പെടുത്തിയ A2 സെക്ഷൻ സമർപ്പിച്ച (തീയതിയില്ലാത്ത) റിപ്പോർട്ടിൽ "പഞ്ചായത്തിന്റെ അതിർത്തികൾ കണ്ടെത്താൻ കഴിഞ്ഞില്ല, എന്നാൽ ടി വില്ലയുടെ വശങ്ങളിലുള്ള കെട്ടിടങ്ങൾക്ക് തുറവൂർ പഞ്ചായത്താണ് നമ്പർ നൽകിയിരിക്കുന്നതെന്ന്" രേഖപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ട് മേലധികാരികളാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനെ തുടർന്ന് യാതൊരു നടപടികളും പഞ്ചായത്ത് കമ്മിറ്റിയൊ,സെക്രട്ടറിയോ കൈക്കൊണ്ടിട്ടില്ല. ടി റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിലും ചർച്ച ചെയ്തിട്ടില്ല.

ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ, മേൽപ്പറഞ്ഞ വില്ലകളുടെ ഏതാണ്ട് 350 മീറ്റർ അകലെയായി തുറവൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഈ വില്ലകളുടെ നാലു വശത്തും പഞ്ചായത്ത് നമ്പറിട്ടു നൽകിയ വീടുകളാണുള്ളത്. വില്ലകളുടെ കോമ്പൗണ്ടിൽ നിന്നും 100 മീറ്റർ മാറി ശ്രീ.കോവാട്ടു രാജൻ മകൻ ജയൻ എന്നയാൾക്ക് 8/107A വീട്ടു നമ്പർ നൽകിയിട്ടുണ്ട്. വില്ലകളുടെ പണി പൂർത്തിയായതിനു ശേഷം കെട്ടിട നിർമ്മാണ പെർമിറ്റ് വാങ്ങിയ വീടാണിത്. 1750 S/Feet മുതൽ ഏതാണ്ട് 3000 S/Feet വരെയുള്ള പല വലുപ്പത്തിലുള്ള വില്ലകളാണ് പണി പൂർത്തിയാക്കിയിട്ടുള്ളത്. അങ്കമാലി നഗരസഭയുടെ 10/314 എന്ന നമ്പറാണ് ഒരു വില്ലയിൽ കാണാൻ സാധിച്ചത്.

ഈ വില്ലകളുമായി ബന്ധപ്പെട്ട് ലാന്റ് ഡവലപ്പ്മെൻറ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് എന്നിവയിലുണ്ടായ നഷ്ടത്തിന് പുറമെ, അർദ്ധവർഷത്തിൽ ഏതാണ്ട് 140000/-രൂപയാണ് (1750x4x20) പഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ നഷ്ടമാകുന്നത്. തുറവൂർ ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ അങ്കമാലി നഗരസഭയുടെ ഒരു ഭാഗം കടന്നുവന്നതെങ്ങനെയെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് സെക്ഷൻ ക്ലർക്ക് നിരുത്തരവാദപരമായ റിപ്പോർട്ടാണ് നൽകിയത്. ലഭിച്ച റിപ്പോർട്ട് സെക്രട്ടറി കാണുകയോ, ടി സ്ഥലം നേരിട്ട് പരിശോധിക്കുകയോ, തുടർ നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയും ഈ വിഷയം പിന്നീട് ചർച്ച ചെയ്തിട്ടില്ല. അനധികൃത നിർമ്മാണം നടത്തിയ കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുക പോലും ചെയ്തിട്ടില്ല.

രണ്ട് തദ്ദേശ സ്ഥാപനങ്ങൾ തമ്മിലുള്ള അധികാരത്തർക്കമായിട്ടു പോലും, വില്ലകൾക്ക് പെർമിറ്റ് നൽകി നമ്പറിട്ട് നൽകാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അങ്കമാലി നഗരസഭയുമായി കത്തിടപാട് നടത്തുകയോ, DDP, RJD എന്നിവരെ ഈ വിഷയം അറിയിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുണ്ടായിട്ടുള്ള കടുത്ത അനാസ്ഥ, പഞ്ചായത്തിന് ന്യായമായും ലഭിക്കേണ്ട തനത് വരുമാനം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. അത്യന്തം ഗൗരവമേറിയ ഈ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുക്കേണ്ടതും, അങ്കമാലി നഗരസഭയുമായി ഈ വിഷയം ചർച്ച ചെയ്യേണ്ടതുമാണ്. ഈ ഭാഗത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 CPWD സ്പെസിഫിക്കേഷനു പകരം IRC സ്പെസിഫിക്കേഷനിൽ പ്രവൃത്തി നടത്തിയതുമൂലം അധിക ചെലവ്.

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ റീടാറിംഗ് വേലകളിൽ (കൺവീനർ വേല) കുഴിയടക്കൽ പ്രവർത്തികൾക്ക് (Pot hole filling) Construction of Penetration Meccadam പ്രവൃത്തികൾക്കു പകരം 53mm to 22.4mm മെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 53mm to 22.4mm മെറ്റലിന് CPWD (DSR) ഇനം 16.3.3 പ്രകാരം 1637.10രൂപ/m3 (with out CP+OH) രൂപയും 53mm to 22.4mm ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് പ്രവൃത്തിക്ക് 1928.60രൂപ/m3 (with out CP+OH) നിരക്കുമാണ് നൽകിയിട്ടുള്ളത്. 2014-15 സാമ്പത്തികവർഷം വരെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ റീ ടാറിങ്ങ് പ്രവൃത്തികളിൽ ചെയ്തിരുന്ന 36mmമെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിനു പകരം 53mm to 22.4mm മെറ്റലിന് DSR പ്രകാരമുള്ള നിരക്കുകൾ നൽകിയാണ് ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് പ്രവൃത്തിക്ക് 1928.60രൂപ/m3 നിരക്ക് കണക്കാക്കിയത്. മേൽപ്പറഞ്ഞ രണ്ട് ഇനത്തിനും കൂടി 3565.70 രൂപയാണ് 1m3 ന് നൽകിയിരിക്കുന്നത്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.02.2014 തീയതിയിലെ DB-3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം CPWD ഡാറ്റയിലെ അദ്ധ്യായം 16 ഉം MoRD സ്പെസിഫിക്കേഷനുമാണ് വാഹന ബാഹുല്യം കുറവായതും വീതി കുറഞ്ഞതുമായ ഗ്രാമീണ റോഡുകൾക്ക് ഉപയോഗിക്കാവുന്നത്. ഇതു പ്രകാരം MoRD 506 പ്രകാരമുള്ള Construction of Penetration Macadam(75mm,,VG 10 bitumin) ത്തിന്റെ നിരക്കായ 275.40 രൂപയാണ് 1m2 ന് കുഴിയടക്കൽ പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്. 10cm കനത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് IRC സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിന് DSR നിരക്ക് നൽകി 1m3 ന് 3565.70 രൂപ കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

| ഇനം | നിരക്ക് | തുക |
|---|---|---|
| 0.022day റോളർ വാടക | 1500/day | 33.00 |
| 0.022 ബോയിലർ വാടക | 830/day | 18.26 |
| 0.066 വീൽബാരോ വാടക | 5.75/day | 0.38 |
| 0.40 HSD | 55.49/Ltr | 22.20 |
| 0.80 Kerosine | 48.00/Ltr | 38.40 |
| Sundries | | 1.35 |
| **Labour** | | |
| 1.00 Special Mazdoor | 363.00/day | 363.00 |
| 0.50 Woman | 329.00/day | 164.50 |
| **Material** | | |
| ബിറ്റുമിൻ 20kg | 50600.00/T | 1012.00 |
| ബിറ്റുമിൻ കടത്തുകൂലി 20kg | 106.49/T | 2.13 |
| Total | | 1655.22 |
| 1% Water Charge | | 16.55 |
| | | 1671.77 |
| കുറക്കുക (ബിറ്റുമിൻ+ കടത്തുകൂലി) | | 1014.13 |
| | | 657.64 |
| Cost Index | 0.3905 | 256.80 |
| | | 914.44 |
| കൂട്ടുക (ബിറ്റുമിൻ+ കടത്തുകൂലി) | | 1014.13 |
| ആകെ | | 1928.57 |
| അതായത് | | 1928.60 |
| DSR 16.3.3 പ്രകാരം 53mm to 22.4mm മെറ്റൽ വില | | 1637.10 |

| | | |
|---|---|---|
| ആകെ നൽകിയത് | 1m3(ഘനമീറ്റർ) | 3565.70 |
| 10 cm കനത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് കനം ഒഴിവാക്കി m2 (ചതുരശ്ര മീറ്റർ) ൽ നിരക്ക് കണക്കാക്കിയാൽ 1m2 ന് നൽകിയ നിരക്ക് | 3565.70/10 | 356.57 |

MoRD സ്പെസിഫിക്കേഷൻ 506 പ്രകാരമുള്ള 275.40/1m2 നിരക്ക് നൽകുന്നതിനു പകരം 356.57/1m2 നിരക്ക് നൽകിയതിലൂടെ 1m2ന് 81.17 രൂപ വീതം അധികം നൽകിയിട്ടുണ്ട്, വിശദ വിവരം താഴെ ചേർക്കുന്നു :-

| ക്രമ നം | പ്രോജക്റ്റ് നമ്പർ,പേര്, എം ബുക്ക് നമ്പർ | കൺ വീനർ | അളവ് m2 | നൽകിയ തുക @ 356.57 | നൽകാ വുന്നത് @ 275.40 | അധികം നൽകി യത് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 1 | എസ് 056/16 റോഡ് റീടാറിംഗ് - 8 MB No. 63/15-16 | ബേബി പൗലോസ് | 54.29 | 19358.18 | 14951.46 | 4,407 | 112945/- 81/15-16 Dtd 31.03.16 |
| 2 | എസ് 034/16 പെരിങ്ങാം പറമ്പ് റോഡ് റീടാറിംഗ് - 6 MB No. 34/15-16 | പോളി.പി | 70.00 | 24959.90 | 19278.00 | 5,682 | 495000/- 81/15-16 Dtd 31.03.16 |
| 3 | എസ് 060/16 ഡയറി റോഡ് റീടാറിംഗ് MB No. 54A/15-16 | സി.ബാബു രാജ് | 7.90 | 2816.90 | 2175.66 | 641 | 478882/- Bill No. 64/15-16 dtd 31.03.16 |
| 4 | എസ് 032/16 ദേവഗിരി റോഡ് റീടാറിംഗ് MB No. 50/15-16 | പോളി ആന്റണി | 49.74 | 17735.79 | 13698.39 | 4,037 | 180353/- Bill No. 51/15-16 dtd 31.03.16 |
| 5 | എസ് 033/16 വാതക്കാട് റോഡ് റീടാറിംഗ് MB No. 47/15-16 | തരിയച്ചൻ. കെ.ഡി | 94.59 | 33727.95 | 26050.08 | 7,678 | 180353/- Bill No. 54/15-16 dtd 31.03.16 |
| 6 | എസ് 040/16 കൊമര തവളപ്പാറ റോഡ് റീടാറിംഗ് MB No. | കെ.കെ. യാക്കോബ് | 100.00 | 35657.00 | 27540.00 | 8,117 | 485752/- Bill No. 35/15-16 dtd 31.03.16 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 30/15-16 | | | | | | |
| 7 | എസ് 041/16 വാതക്കാട് തവളപ്പാറ റോഡ് റീടാറിംഗ് MB No. 29/15-16 | പി.കെ. പൗലോസ് | 100.00 | 35657.00 | 27540.00 | 8,117 | 495000/- Bill No. 33/15-16 dtd 31.03.16 |
| 8 | എസ് 116/16 ശിവജിപുരം ആലുക്ക റോഡ് റീടാറിംഗ് MB No. 6/15-16 | എ.എ. സജീവ് | 101.91 | 36338.04 | 28066.01 | 8,272 | 292501/- Bill No. 58/15-16 dtd 31.03.16 |
| 9 | എസ് 157/16 പഴോപൊങ്ങ് റോഡ് റീടാറിംഗ് MB No. 56/15-16 | കെ.കെ. യാക്കോബ് | 110.54 | 39415.24 | 30442.71 | 8,973 | 1037979/- Bill No. 57/15-16 dtd 31.03.16 |
| 10 | എസ് 048/16 ശിവജിപുരം റോഡ് റീടാറിംഗ് MB No. 57/15-16 | എം.വി. സജീവ് | 50.00 | 17828.50 | 13770.00 | 4,059 | 378000/- Bill No. 59/15-16 dtd 31.03.16 |
| 11 | എസ് 122/16 ഡയറി റോഡ് റീടാറിംഗ് MB No 44/15-16 | സി. ബാബുരാജ് | 70.31 | 25070.43 | 19363.37 | 5,707 | 336152/- Bill No. 48/15-16 dtd 31.03.16 |
| 12 | എസ് 115/16 സെ.മേരീസ് റോഡ് റീടാറിംഗ് MB No. 57/15-16 | പി.സി. ബിജു | 100.48 | 35828.15 | 27672.19 | 8,156 | 194552/- Bill No. 46/15-16 dtd 31.03.16 |
| 13 | എസ് 123/16 അമ്പലം കവല റോഡ് റീടാറിംഗ് MB No. 43/15-16 | സി. ബാബുരാജ് | 30.00 | 10697.10 | 8262.00 | 2,435 | 170869/- Bill No. 45/15-16 dtd 31.03.16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | എസ് 047/16 ഉളുപ്പകവല റോഡ് റീടാറിംഗ് MB No. 33/15-16 | വി.വി. ജോസഫ് | 50.00 | 17828.50 | 13770.00 | 4,059 | 258940/- Bill No. 44/15-16 dtd 31.03.16 |
| 15 | എസ് 061/16 വണ്ടുപുറം പുഞ്ച റോഡ് റീടാറിംഗ് MB No. 58/15-16 | കെ.കെ. യാക്കോബ് (കരാറു കാരൻ) | 260.00 | 108160 (@ 416.00) | 82342 (@ 316.70) | 25,818 | 577011/- Bill No. 34/15-16 dtd 31.03.16 |
| 16 | എസ് 031/16 യോർദ്ദാൻ പുരം റോഡ് റീടാറിംഗ് MB No. 40/15-16 | ടി.വി. റോക്കി | 64.20 | 22891.79 | 17680.68 | 5,211 | 468975/- Bill No. 36/15-16 dtd 31.03.16 |
| 17 | എസ് 114/16 പുല്ലാനി തലക്കോട്ട് റോഡ് റീടാറിംഗ് MB No. 36/15-16 | എൻ.ടി. ബാബു | 99.00 | 35300.43 | 27264.60 | 8,036 | 286132/- Bill No. 37/15-16 dtd 31.03.16 |
| ആകെ നഷ്ടം | | | | | | 1,19,405 | |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ 1, 6) മറുപടിയിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് അധികാരമുള്ള ബ്ലോക്ക് ഡിവിഷൻ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശപ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നാണ് പദ്ധതി നടപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞിട്ടുള്ളത്. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് വേലകളുടെ തലവനായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ജില്ലയിലെ മറ്റ് ബ്ലോക്ക് ഡിവിഷൻ ഓഫീസുകളുടെ തലവൻമാരും MoRD സ്പെസിഫിക്കേഷൻ 506 പ്രകാരമുള് നിരക്കിന് അംഗീകാരം നൽകിയപ്പോൾ അങ്കമാലി ബ്ലോക്ക് ഡിവിഷൻ ഓഫീസിൽ നിന്നും ഇത്തരത്തിൽ തെറ്റായ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയത് ന്യായീകരിക്കാവുന്നതല്ല.

## 3-2 റൂഫിങ്ങിന് അധിക നിരക്ക് നൽകി - നഷ്ടം ₹.20828/-

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി പുനരുദ്ധാരണം - വാർഡ് 5 |
| പ്രോജക്റ്റ് നമ്പർ | എസ് 0050/16 |
| പ്രോജക്റ്റ് കോസ്റ്റ് | 3,29,842.00 |
| കൺവീനർ | വി.കെ.സന്തോഷ് |
| അളവു പുസ്തകം നമ്പർ | MB 59/15-16 |
| ചെലവ് വിവരം | 1,86,623.00(ബിൽ നമ്പർ - 75/15-16 തീയതി 31.03.2016) |

2015-16 ൽ നടപ്പാക്കിയ മേല്പറഞ്ഞ പ്രോജക്റ്റിൽ ഐറ്റം നമ്പർ 4പ്രകാരം 0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റും (Not less than 275gm/m2) ഐറ്റം നമ്പർ 5പ്രകാരം 15cm വീതിയുള്ള

0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റും (Not less than 275gm/m2) ഉപയോഗിച്ചുള്ള റൂഫിങ്ങാണ് നടത്തിയിരിക്കുന്നത്. യഥാക്രമം 607.89രൂപ/m (DAR 12.4.2) 579.78രൂപ/m( DAR 12.7.2) ആണ് ഇവക്ക് അനുവദനീയമായ നിരക്ക്. അസി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും ബില്ലിലും ഈ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബില്ല് വേരിഫൈ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ബില്ലും എസ്റ്റിമേറ്റും തിരുത്തി യഥാക്രമം 766.47രൂപ/m, 985.44രൂപ/m നിരക്ക് അനുവദിച്ചു. എന്നാൽ ഇത്തരത്തിൽ ബില്ല് തിരുത്തിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13) അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ തിരുത്തി നൽകിയ ബിൽ പ്രകാരം തുക അനുവദിക്കുകയായിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ബിൽ തിരുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഐറ്റം നമ്പർ | നൽകിയത് | | നൽകാവുന്നത് | |
|---|---|---|---|---|
| | ഇനം | തുക | ഇനം | തുക |
| 4 | 0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിങ്ങ് 23.90 മീറ്റർ @766.47 | 18318.63 | 0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിങ്ങ്. (DAR 12.4.2) 23.90 മീറ്റർ @607.89 | 14528.57 |
| 5 | 15cm വീതിയുള്ള 0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിങ്ങ് 42 മീറ്റർ @985.44 | 41388.48 | 15cm വീതിയുള്ള 0.63mm കനമുള്ള സിങ്ക് കോട്ടിങ്ങ് GS ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിങ്ങ്. (DAR 12.4.2) 42 മീറ്റർ @579.78 | 24350.76 |
| | ആകെ | 59707.11 | | 38879.33 |

അധികം നൽകിയത് (59707.11-38879.33) = 20,828.00

അളവ് തിട്ടപ്പെടുത്തിയ അസി.എഞ്ചിനീയർ ശരിയായി രേഖപ്പെടുത്തിയ നിരക്ക്, കാരണം വിശദീകരിക്കാതെ തിരുത്തിയതിലൂടെ സംഭവിച്ച നഷ്ടം ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 1:3 പ്ലാസ്റ്ററിങ്ങ്(12mm), ഫ്ളെഷിങ് കോട്ടിനും അധിക തുക നൽകിയതു മൂലം നഷ്ടം - ₹.29,009/-

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കൃഷി ഭവൻ നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | എസ് 0053/15 |
| പ്രോജക്റ്റ് കോസ്റ്റ് | ₹.20,00,000/- |
| കൺവീനർ | വി.കെ.സന്തോഷ് |
| അളവു പുസ്തകം നമ്പർ | MB 27/13-14,07/15-16 |
| ചെലവ് വിവരം | ₹.9,85,202/- (ബിൽ നമ്പർ - 15/15-16 തീയതി 18.09.2015) |

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 2013-14 ൽ ആരംഭിച്ച് 2015-16 ൽ പൂർത്തിയായ "കൃഷി ഭവൻ നിർമ്മാണം" പ്രോജക്റ്റിൽ ഐറ്റം നമ്പർ 3 പ്രകാരം കൃഷി ഭവന്റെ 112.383 ചതുരശ്ര വിസ്തീർണമുള്ള ഗ്രൗണ്ട് ഫ്ലോറിൽ 1:4:8 (using 40mm) കോൺക്രീറ്റിങ്ങും 12mm കനത്തിൽ 1:3 സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള പ്ലാസ്റ്ററിങ്ങും സിമന്റ് ഫ്ലഷിങ്ങുമാണ് ചെയ്തിരിക്കുന്നത്. ഒറ്റ ഇനമായി ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് SOR 2012 പ്രകാരം 10m2 ന് 6,512/- രൂപയാണ് നൽകിയിരിക്കുന്നത്. ഇതിനെ തുടർന്ന് ഐറ്റം നമ്പർ 4 പ്രകാരം ഇതേ ഫ്ലോറിൽ സെറാമിക്/വെട്രിഫൈഡ് ടൈൽ ഉപയോഗിച്ചുള്ള ഫ്ലോറിങ്ങാണ് നടത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയിലും 1:3 സിമന്റ് മോർട്ടാർ ഉപയോഗിച്ച് 12mm കനത്തിൽ പ്ലാസ്റ്ററിങ്ങ് ഉൾപ്പെടുന്നുണ്ട്. 1:3 സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള

പ്ലാസ്റ്ററിങ്ങിൽ ഇരട്ടിപ്പ സംഭവിച്ചിട്ടുണ്ട്. കൂടാതെ 1:4:8 (using 40mm) കോൺക്രീറ്റിങ്ങനെതുടർന്ന് സെറാമിക്/വെട്രിഫൈഡ് ടൈൽ ഉപയോഗിച്ച് ഫ്ലോറിങ്ങ് നടത്തിയ ഭാഗത്ത് സിമന്റ് ഫ്ലഷിങ്ങ് നടത്തേണ്ടതില്ല. ഇരട്ടിപ്പ് സംഭവിച്ച 1:3 സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള 12mmപ്ലാസ്റ്ററിങ്ങിനും അനാവശ്യമായി നടത്തിയ സിമന്റ് ഫ്ലഷിങ്ങിനും കൂടി 10m2ന് 2,571/- രൂപ (2142+429) വീതം അധികം നൽകിയിട്ടുണ്ട്.

<u>അധികം നൽകിയ തുക</u>

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 1:3 CM പ്ലാസ്റ്ററിങ്ങ് (12mm thick) | 112.83m2 | 2142.00/10m2 | 24168.18 |
| ഫ്ലഷിങ്ങ് കോട്ട് | 112.83m2 | 429.00/10m2 | 4840.40 |
| ആകെ | | | 29008.58 |

അധികം നൽകിയ 29,009/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമാക്കിയില്ല - ₹.1,50,000/- തടസ്സപ്പെടുത്തുന്നു.

ഉറവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന NRHM ഹോമിയോ ഡിസ്പെൻസറിയിൽ 2015-16 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) മൂക്കന്നൂർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0013/16 |
| അടങ്കൽ | 150000/- |
| കാറ്റഗറി വിഭാഗം | മെയിന്റനൻസ് ഗ്രാന്റ് |
| തുക | 150000/- |
| ചെലവ് | 150000/- |
| ബിൽനം.&ഡി.ഡി.നമ്പർ | 1/2015 dtd 20/2/2016 DDNO.072514 dtd 20/2/2016 |

മേൽപ്പറഞ്ഞ വിധത്തിൽ 1,50,000/-രൂപയുടെ ഡി.ഡി. കേരളസ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 20.02.2016ന് നൽകിയെങ്കിലും 9 മാസങ്ങൾക്ക് ശേഷവും മരുന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ മരുന്നിനായി ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ.

ഉറവൂർ ഗ്രാമപഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹിച്ച പ്രോജക്ടാണ് പാലിയേറ്റീവ് കെയറിന്റേത്. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു

| | |
|---|---|
| പ്രോജക്ട് നം. | sooo6/16 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 350000/- |
| ചെലവ് | 293965/- |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടിൽ രോഗികളുടെ പരിചരണത്തിനായി വാഹനം ഓടിയ വകയിൽ പൗലോസ്, പൈനാടത്ത്, ഉറവൂർ എന്ന വ്യക്തിക്ക് (KL-41B-7036) 2015 ഏപ്രിൽ മാസം മുതൽ 2016 മാർച്ച് വരെ 91,200/- രൂപ വണ്ടി വാടക ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം മെഡിക്കൽ ഓഫീസർ ടിയാന് തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കി കാണുന്നില്ല. 912/- രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതും തുക ആദായനികുതി വകുപ്പിൽ അടവാക്കാൻ അടിയന്തിര നടപടി

സ്വീകരിക്കേണ്ടതുമാണ്.

## 3-6 അതുല്ല്യം സാക്ഷരതാ പരിപാടി - പഠനയാത്രയുമായി ബന്ധപ്പെട്ട തുക തടസ്സപ്പെടുത്തുന്നു.

തുറവൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്റ്റാണ് അതുല്യം സാക്ഷരത പരിപാടി. പ്രോജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | SO138/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹.1,40,000/- |
| ചെലവ് | ₹.30,500/- |
| ചെലവ് രേഖ | VR.NO.24/08 |
| | CH.NO.77805 dtd 04.08.2015 |

അതുല്ല്യം സാക്ഷരതാ പരിപാടിയോടനുബന്ധിച്ച് നാലാം തരം തുല്യതാ പരീക്ഷ പാസ്സായ 149 പഠിതാക്കളുമായി 25.7.2015ൽ മട്ടാഞ്ചേരി, എറണാകുളം, വല്ലാർപാടം, ചെറായി എന്നീ സ്ഥലങ്ങളിൽ പഠനയാത്ര നടത്തുന്നതിനായി KL-39E-8800, KL-63A-4808, KL-41C-3400 എന്നീ വണ്ടികൾ വാടകയ്ക്കെടുത്ത വകയിൽ ശ്രീ.ജോസ് മോൻ പോൾ, പാറേക്കാട്ടിൽ, കിടങ്ങൂർ (എവർ ഗ്രീൻ ട്രാവൽസ്) എന്നയാൾക്ക് 30,500/- രൂപ നൽകിയിട്ടുണ്ട്. സ.ഉ.(എം.എസ്.) നം.362/13 ത.സ്വ.ഭ.വ. 16.11.2013ലെ ഖണ്ഡിക 7-7 പ്രകാരം "ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠനയാത്രകൾ, സമ്മേളനങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുല്ല്യം കൈ പുസ്തകത്തിൽ പഠനയാത്രകൾ നടത്താമെന്ന് പറയുന്നുണ്ടെങ്കിലും, സാക്ഷരതാ മിഷന്റെ ഫണ്ടിൽ നിന്നുവേണം ഇത്തരം ചെലവുകൾ വഹിക്കേണ്ടത്. മേൽ ഉത്തരവിലെ ഖണ്ഡിക 7-ൽ സാക്ഷരതാ, തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി പരീക്ഷാഫീസ്, പാഠപുസ്തകങ്ങളുടെ വില എന്നിവ മാത്രമാണ് നൽകാവുന്നത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ ചെലവ് രൂപ 30,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-2016 | 120000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 120000/- | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58465746.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46810085.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49837.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 180500.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 20828.00 | സി.വി.ഷൈനി അസി.എക്സി.എൻജിനിയർ ഉറവൂർ ഗ്രാമപഞ്ചായത്ത് |
| 3-3 | | 29009.00 | രാധിക ഹരികുമാർ അസി.എൻജിനിയർ ഉറവൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | | **49837.00** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 150000.00 | ഡോ.മേഴ്സി ഗോൺസാൽവസ്<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-6 | 30500.00 | മാലതി കെ.വി.<br>സെക്രട്ടറി,ഉറവൂർ ഗ്രാമപഞ്ചായത്ത്. |
| ആകെ | 180500.00 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക**-3-5 912.00**രൂപ

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക**-3-6**

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.വി.ഷൈനി<br>അസി.എക്സി.എൻജിനിയർ | അസി.എക്സി.എൻജിനിയർ<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | നന്ദനം,<br>ഒക്കൽ.പി.ഒ, ചേലാമറ്റം |
| ലിസി.സി.സി.<br>അസി.എൻജിനിയർ | വിരമിച്ചു | കളപ്പുരക്കൽ വീട്,<br>ഇരിങ്ങോൾ.പി.ഒ,<br>പെരുമ്പാവൂർ |
| രാധിക ഹരികുമാർ<br>അസി.എൻജിനിയർ | അസി.എൻജിനിയർ<br>കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് | ഹരിതം,19/1389A, PWRA 61,<br>പെരുമനത്താഴം<br>പോണേക്കര.പി.ഒ.-682041 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989//തീയ്യതി19/9/1989 |
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി4/1/1994 |

| | |
|---|---|
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി3/3/1999 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി18/4/2005 |
| 2001-02വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി13/3/2007 |
| 2005-06 | എൽ.എഫ്.ഇ(പി-4)1676/06/തീയതി30/5/2009 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി19/7/2012 |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016തീയതി.21 /1/2016 |

ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ.)**
കേരള സംസ്ഥാ ന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം**,** എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി4)2144/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 08.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.4)2144/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.12.2016

Certified that I have audited the Annual Financial Statement of THURAVOOR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of THURAVOOR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)